പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന പ്രൊപ്പോസലുകളും എസ്റ്റിമേറ്റും തയ്യാറാക്കി ജില്ലാ മിഷൻ പരിശോധിച്ച് എംപവേർഡ് മിഷൻ കമ്മിറ്റിക്ക് ശുപാർശ ചെയ്യാറുണ്ട്. എംപവേർഡ് മിഷൻ കമ്മിറ്റി അംഗീകാരത്തോടെ അത് നടപ്പിലാക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ജില്ലാ തലത്തിൽ തന്നെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. സംസ്ഥാന മിഷൻ ഓഫീസ് പദ്ധതി നിർവ്വഹണം വിലയിരുത്തുന്നുണ്ട്.

ആദിവാസി ക്ഷേമത്തിന് അനുവദിക്കുന്ന ഫണ്ടുകളുടെ വകമാറ്റം

235 (6686) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് അനുവദിക്കുന്ന പദ്ധതി തുകകൾ ഭൂരിഭാഗവും മറ്റ് മേഖലയിലുള്ളവർ ചൂഷണം ചെയ്യുകയാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പോഷകാഹാര വിതരണത്തിലുള്ള വീഴ്ചയും ആരോഗ്യ പരിപാലനത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം കാര്യക്ഷമമാക്കുന്നതിന് സാധിക്കാത്തതും ശിശുമരണങ്ങൾക്കും മാരകരോഗങ്ങൾ പടരുന്നതിനും കാരണമാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആദിവാസികളുടെ ക്ഷേമത്തിനനുവദിക്കുന്ന ഫണ്ടുകൾ പ്രസ്തുതവിഭാഗത്തിന് തന്നെ ഉപയുക്തമാകുന്നു എന്നുറപ്പുവരുത്താൻ എന്തെങ്കിലും ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിയാത്മകമായ ഇടപെടലിലൂടെ വിവിധ വകുപ്പുകളുടെ ഏകോപനവും കാര്യക്ഷമമായ പ്രവർത്തനങ്ങളും ഉറപ്പ് വരുത്തുന്നുണ്ട്.

(സി) ആദിവാസികളുടെ ക്ഷേമത്തിനായി അനുവദിക്കുന്ന തുകകൾ അവരുടെ ക്ഷേമത്തിനായി തന്നെയാണ് വിനിയോഗിക്കുന്നത്. ഇത് ഉറപ്പുവരുത്തുന്നതിന് വകുപ്പുതല പരിശോധനയും സർക്കാർതല പരിശോധനയും നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly